പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) പ്രാദേശിക ഭരണസംവിധാനത്തെ ശാക്തീകരിക്കുന്നതിനും കൂടുതൽ ജനാധിപത്യവത്കരിക്കുന്നതിനും അധികാര വികേന്ദ്രീകരണം അർത്ഥപൂർണ്ണമാക്കുന്നതിനും ഭരണസംവിധാനത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി വ്യവസ്ഥ ചെയ്തിട്ടുള്ള സംവിധാനമാണ് ഗ്രാമസഭകൾ/വാർഡുസഭകൾ. ഭരണസംവിധാനത്തിലെ യഥാർത്ഥ ജനപങ്കാളിത്ത വേദികളായ ഗ്രാമസഭകളും വാർഡുസഭകളും പ്രവർത്തിക്കുന്നതിനനുസരിച്ചായിരിക്കും പ്രാദേശിക ഭരണസംവിധാനത്തിന്റെ നിലനിൽപ്പും പ്രയാണവും.

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) ഗ്രാമസഭ/വാർഡുസഭകളുടെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ല. ഗ്രാമസഭ/വാർഡുസഭകളിൽ പൊതുവേ ജനപങ്കാളിത്തം കുറഞ്ഞുവരുന്നതായി കാണുന്നു. ജനങ്ങൾക്കുള്ള അധികാരാവകാശങ്ങളെക്കുറിച്ച് ശരിയായ ധാരണ ഗ്രാമസഭ/വാർഡുസഭാ മെമ്പർമാരായ ജനങ്ങൾക്ക് ഇന്നുമുണ്ടായിട്ടില്ല. തങ്ങൾക്കുള്ള അധികാരാവകാശങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താതെ ജനങ്ങൾ പലപ്പോഴും കേവലം കാഴ്ചക്കാരും ഗുണഭോക്താക്കളും മാത്രമായി തീരുന്ന സാഹചര്യമാണ് പലയിടത്തും ഉള്ളത്.

(ഡി) ഗ്രാമസഭകൾ ഭരണഘടനാനുസൃതമായിട്ടുള്ളതും ഗ്രാമതലത്തിൽ ജനങ്ങളുടെ ഉന്നതമായ ജനാധിപത്യ പ്രക്രിയയുടെ വേദിയും ആണെന്ന അവബോധം ജനങ്ങളിൽ ഉണ്ടാക്കുക, വിഭവ സമാഹരണം, വിനിയോഗം എന്നിവയുടെ വിശദാംശങ്ങളെപ്പറ്റിയുള്ള അറിവ്, വികസന പ്രവർത്തനങ്ങളും അവയുടെ വിലയിരുത്തലും, സേവനങ്ങൾ അവകാശമാണെന്ന തിരിച്ചറിവ് തുടങ്ങിയവ പ്രാവർത്തികമാക്കാനായി ശാസ്ത്രീയമായ ഒരു പരിശീലന പരിപാടി കിലയുടെ നേതൃത്വത്തിൽ ഗ്രാമസഭാ അംഗങ്ങൾക്കായി 16680 ഗ്രാമസഭാ വാർഡുകളിൽ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നിയമസഭാ നിയോജകമണ്ഡലങ്ങളിൽ നടത്തിയ ഗ്രാമയാത്രയുടെ ഭാഗമായി വിശേഷാൽ ഗ്രാമസഭകളും കൂടിയിട്ടുണ്ട്.

മിൽമയുടെ പാൽ സംഭരണം

8 (*428) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും മിൽമ സംഭരിക്കുന്ന പാലിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) നമ്മുടെ ക്ഷീരകർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ പാൽ ഇറക്കുമതിയിലൂടെ മിൽമ തട്ടിയെടുക്കുന്നു എന്ന പരാതിയെ സംബന്ധിച്ച് വിശദീകരിക്കാമോ ;

(സി) ഇവിടുത്തെ എല്ലാ ഗ്രാമീണ മേഖലകളിൽനിന്നും പാൽ ശേഖരിക്കാൻ മിൽമ ശ്രമിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) പാൽ സംഭരണം കാര്യക്ഷമമാക്കാതെ അന്യസംസ്ഥാനത്തെ നിലവാരമില്ലാത്ത പാൽ ഇറക്കുമതി ചെയ്യുന്നതിൽ മിൽമ അമിത താല്പര്യം കാണിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഗ്രാമവികസനവും ആസൂത്രണവും സാസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) മിൽമ പ്രതിദിനം ശരാശരി 12.5 ലക്ഷം ലിറ്റർ പാൽ വിതരണം ചെയ്യുന്നുണ്ട്. എന്നാൽ ഇപ്പോൾ മിൽമ പ്രതിദിനം മേഖലാ യൂണിയനുകളിലൂടെ സംഭരിക്കുന്നത് 11 ലക്ഷം ലിറ്റർ പാലാണ്. വിതരണത്തിനാവശ്യമായ പാലിന്റെ കുറവ് നികത്തുന്നതിനു വേണ്ടി മിൽമ അന്യസംസ്ഥാനങ്ങളിൽനിന്നും പാൽ വാങ്ങുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കർണ്ണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെ സഹകരണ ക്ഷീര ഫെഡറേഷനുകളിൽ നിന്നുമാണ് പ്രധാനമായും മിൽമ പാൽ സംഭരിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മിൽമ ഇപ്രകാരം 108696790 ലിറ്റർ പാൽ സംഭരിച്ചിട്ടുണ്ട്. കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയ ശേഷമാണ് അന്യസംസ്ഥാനങ്ങളിൽനിന്നും പാൽ സ്വീകരിക്കുന്നത്.

(ബി) കേരളത്തിലെ ക്ഷീരസംഘങ്ങളിൽ സംഭരിക്കുന്ന പാലിൽനിന്നും പ്രാദേശിക വില്പനയ്ക്ക് ശേഷമുള്ള മുഴുവൻ പാലും മിൽമ മേഖലാ യൂണിയനുകൾവഴി സംഭരിക്കുന്നുണ്ട്. ഇങ്ങനെ സംഭരിക്കുന്ന പാലിന് കൃത്യമായ വിലയും മിൽമ ഉറപ്പ് വരുത്തുന്നുണ്ട്. ഇതോടൊപ്പംതന്നെ കാലാകാലങ്ങളിൽ മേഖലാ യൂണിയനുകൾ ഇൻസെന്റീവുകളും സബ്സിഡികളും കർഷകർക്ക് അവർ ഒഴിക്കുന്ന പാലിന്റെ അളവ് കണക്കാക്കി നൽകുന്നുണ്ട്. മിൽമ കേരളത്തിലെ ക്ഷീരസംഘങ്ങളിൽനിന്നും സംഭരിക്കുന്ന പാൽ മുഴുവനും പാൽ ഉല്പന്നങ്ങളാക്കി വിതരണം ചെയ്യുമ്പോൾ തികയാതെ വരുന്ന പാൽ മാത്രമേ അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നുള്ളൂ. പാലും പാലുല്പന്നങ്ങളും വില്പന നടത്തുന്നതിലൂടെ ലഭ്യമാകുന്ന വരുമാനത്തിലേറിയപങ്കും മിൽമ മേഖലാ യൂണിയനുകളിലൂടെ ക്ഷീരകർഷകരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായാണ് വിനിയോഗിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് മറ്റ് വിവിധ പദ്ധതികളും മിൽമ ക്ഷീരസംഘങ്ങളിലൂടെ നടപ്പിലാക്കിവരുന്നുണ്ട്. ആയതിനാൽ ക്ഷീരകർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ പാൽ ഇറക്കുമതിയിലൂടെ മിൽമ തട്ടിയെടുക്കുന്നു എന്ന പരാതിക്ക് അടിസ്ഥാനമില്ല.

(സി) മിൽമ മൂന്ന് മേഖലാ യൂണിയനുകളിലുംകൂടി സംസ്ഥാനത്തൊട്ടാകെ ഗ്രാമീണ മേഖലകളിൽ പ്രവർത്തിക്കുന്ന മൂവായിരത്തോളം പ്രാഥമിക ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽനിന്നും നിലവിൽ പാൽ ശേഖരിക്കുന്നുണ്ട്. ക്ഷീരസഹകരണ സംഘങ്ങളില്ലാത്ത സ്ഥലങ്ങളിൽ സംഘങ്ങൾ രൂപീകരിക്കുന്ന മുറയ്ക്ക് പാൽ ശേഖരിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ നാഷണൽ ഡയറി പ്ലാൻ പദ്ധതിപ്രകാരം പുതിയ സൊസൈറ്റികൾ സംസ്ഥാനത്ത് മിൽമയുടെ മേൽനോട്ടത്തിൽ രൂപീകരിക്കുന്നുണ്ട്.

(ഡി) ക്ഷീരസംഘങ്ങളിൽ സംഭരിക്കുന്ന പാലിൽനിന്നും പാലിന്റെ പ്രാദേശിക വില്പനയ്ക്ക് ശേഷമുള്ള മുഴുവൻ പാലും മിൽമ മേഖലാ യൂണിയനുകൾവഴി സംഭരിക്കുന്നുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾ പ്രകാരം പാൽ സംഭരണം വർദ്ധിപ്പിക്കുന്നതിനുവേണ്ടി വിവിധ പദ്ധതികൾ മിൽമയുടെ മേഖലാ യൂണിയനുകൾ ചെയ്തുവരുന്നുണ്ട്.

സംസ്ഥാനത്ത് വിതരണത്തിന് തികയാത്ത പാൽ മാത്രമാണ് അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നത്.

സംസ്ഥാനത്തെ പാലുല്പാദനം വർദ്ധിപ്പിച്ച് അന്യസംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന പാലിന്റെ അളവ് കുറച്ചുകൊണ്ടുവരുന്നതിനാണ് മിൽമ നടപടികൾ സ്വീകരിച്ചുവരുന്നത്.

കേരളത്തിനെ പ്രതികൂലമായി ബാധിക്കുന്ന കരാറുകൾ

9 (T*429) ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) WTO, ആസിയാൻ കരാർ, RECP മുതലായ ഒപ്പിട്ടതും ഒപ്പിടേണ്ടതുമായ കരാറുകൾ കേരളത്തിന് എന്തെല്ലാം ദോഷങ്ങൾ ചെയ്യുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത കരാറുകളിൽ കൃഷിവകുപ്പ്, മൃഗസംരക്ഷണവകുപ്പ്, ക്ഷീര

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly